## പതിമൂന്നാം കേരളനിയമസഭ

## പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ - 2724

10.12.2014 ലെ മറുപടിയ്ക്ക്

### രണ്ടാംവിള നെൽകൃഷിക്ക് വെള്ളം തുറന്നു വിടണമെന്നതും കനാലുകൾ അറ്റകുറ്റപ്പണി നടത്താത്തതും സംബന്ധിച്ച്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.എം.ഹംസ | | ശ്രീ.പി.ജെ.ജോസഫ് (ബഹു.ജലവിഭവ വകുപ്പ് മന്ത്രി) | |
| എ) | പാലക്കാട് ജില്ലയിലെ രണ്ടാം വിള നെൽകൃഷിക്ക് വെള്ളം തുറന്നു വിടണമെന്ന കർഷകരുടെ ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ | എ) | ഉണ്ട് |
| ബി) | മലമ്പുഴ, വാളയാർ, കാഞ്ഞിരപ്പുഴ മംഗലം ഡാം മുതലായ ജലസേചന പദ്ധതികളിൽ നിന്നും രണ്ടാം വിളയ്ക്കാവശ്യമായ വെള്ളം എന്ന് തുറന്നുവിടും ; വിശദാംശം ലഭ്യമാക്കാമോ ; | ബി) | രണ്ടാം വിളയ്ക്ക് ആവശ്യമായ ജലസേചനത്തിനായി മലമ്പുഴ ജലസേചന പദ്ധതിയുടെ ഇടതുകര കനാൽ 5.11.2014 നും വലതുകര കനാൽ 8.11.2014 നും മംഗലം ഡാം കനാൽ 5.11.2014 നും വാളയാർ ഡാം 1.12.2014 നും തുറന്ന് ജലവിതരണം ആരംഭിച്ചിട്ടുണ്ട്. കാഞ്ഞിരപ്പുഴ ജലസേചന പദ്ധതിയുടെ കനാലുകൾ 2014 ഡിസംബർ പകുതിയോടുകൂടി തുറന്ന് ജലവിതരണം ആരംഭിക്കാൻ കഴിയും. |
| സി) | രണ്ടാം വിളയ്ക്ക് വെള്ളം തുറന്ന് വിടുന്നതിനായി എന്തെല്ലാം മുന്നൊരുക്കങ്ങൾ ആണ് സാധാരണയായി നടത്തി വരാറുള്ളത് ; | സി) | ജലസേചനത്തിന് മുന്നോടിയായി , കനാലുകൾ കടന്നുപോകുന്ന അതാത് ഗ്രാമപഞ്ചായത്തുകളുമായി സഹകരിച്ച് ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി , കനാലുകളിലെ ചെളി നീക്കം ചെയ്യുന്നതിനും , കുറ്റിക്കാടുകൾ വെട്ടി വൃത്തിയാക്കുന്നതുമായ പ്രവൃത്തികൾ ചെയ്യുന്നുണ്ട്. തൊഴിലുറപ്പ് പദ്ധതി മുഖേന ചെയ്യാൻ പറ്റാത്ത പ്രവർത്തികളും , വാർഷിക അറ്റകുറ്റപണികളും ഡിപ്പാർട്ട്മെന്റ് തന്നെ ജലസേചനത്തിന് മുന്നോടിയായി ചെയ്തു തീർക്കുന്നു. പിന്നീട് അതാത് സ്ഥലങ്ങളിലെ ഉപദേശക സമിതി യോഗത്തിൽ വെച്ച് ജലസേചനം തുടങ്ങുന്ന തീയതി തീരുമാനിക്കുകയും, ജലസേചനം ആരംഭിക്കുകയും ചെയ്യുന്നു. |

| | | | |
|---|---|---|---|
| ഡി) | വിവിധ ജലസേചന പദ്ധതികളിൽ നിന്നും കൃഷിയിടങ്ങളിലേയ്ക്ക് വെള്ളം എത്തിക്കുന്ന കനാലുകളുടെ അറ്റകുറ്റപ്പണി നടത്താത്ത കാര്യം ശ്രദ്ധയിലുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കാമോ ? | ഡി) | ഉണ്ട്. ചിറ്റൂർപ്പുഴ ജലസേചന പദ്ധതിയുടെ കനാലുകളുടെ അറ്റകുറ്റപണികൾ ചെയ്ത് തീർത്ത് ജലവിതരണം ആരംഭിച്ചിട്ടുണ്ട്. കാഞ്ഞിരപ്പുഴ ജലസേചനപദ്ധതിയുടെ കനാലുകളുടെ അറ്റകുറ്റപണികൾ ത്വരിതഗതിയിൽ നടന്നുവരുന്നു. |

സെക്ഷൻ ഓഫീസർ